www.xtrapapers.com



22100191

International Baccalaureate®
Baccalauréat International
Bachillerato Internacional

**MALAYALAM A1 – STANDARD LEVEL – PAPER 1**
**MALAYALAM A1 – NIVEAU MOYEN – ÉPREUVE 1**
**MALAYALAM A1 – NIVEL MEDIO – PRUEBA 1**

Thursday 13 May 2010 (afternoon)
Jeudi 13 mai 2010 (après-midi)
Jueves 13 de mayo de 2010 (tarde)

1 hour 30 minutes / 1 heure 30 minutes / 1 hora 30 minutos

---

INSTRUCTIONS TO CANDIDATES

- Do not open this examination paper until instructed to do so.
- Write a commentary on one passage only. It is not compulsory for you to respond directly to the guiding questions provided. However, you may use them if you wish.

INSTRUCTIONS DESTINÉES AUX CANDIDATS

- N’ouvrez pas cette épreuve avant d’y être autorisé(e).
- Rédigez un commentaire sur un seul des passages. Le commentaire ne doit pas nécessairement répondre aux questions d’orientation fournies. Vous pouvez toutefois les utiliser si vous le désirez.

INSTRUCCIONES PARA LOS ALUMNOS

- No abra esta prueba hasta que se lo autoricen.
- Escriba un comentario sobre un solo fragmento. No es obligatorio responder directamente a las preguntas que se ofrecen a modo de guía. Sin embargo, puede usarlas si lo desea.





© International Baccalaureate Organization 2010

www.xtrapapers.com



**താഴെ കൊടുത്തിരിക്കുന്നതിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് വിവരിക്കുക**

**1.**

## ബാല്യകാലസ്മരണകൾ

അന്നുമുതൽക്കാണ് വള്ളത്തോളിന്റെയും ആശാന്റെയും ചങ്ങമ്പുഴയുടെയും രചനകൾ പുന്നയൂർക്കുളത്ത് കുട്ടികൾ പാടിത്തുടങ്ങിയത്. ഒരു സാംസ്കാരികവിപ്ലവംതന്നെയാണ് അന്ന് ആ ഗ്രാമത്തിൽ ആരംഭിക്കപ്പെട്ടത്. ആയിടയ്ക്കാണ് ഓം പരബ്രഹ്മോദയ നാടകസമിതിയുടെ 'യാചകി' എന്ന നാടകം പുന്നയൂർക്കുളത്ത് അരങ്ങേറിയത്. സ്കൂളിന്റെ വടക്കു വശത്ത് ഒഴിഞ്ഞുകിടന്നിരുന്ന അമ്പാഴത്തേൽക്കാരുടെ പറമ്പിലാണ് ഒരു താൽക്കാലിക സ്റ്റേജ് ഉയർന്നത്. നാടകം തുടങ്ങുന്നതിന്റെ തലേദിവസംതന്നെ ആ പറമ്പിൽ കച്ചവടക്കാരുടെ ബെഞ്ചുകളും പ്രത്യക്ഷപ്പെട്ടു. നിലക്കടല, മൈസൂർ ബോണ്ട, ഹൽവ, പഴം, നിറം കലക്കിയ സർവത്തുകൾ മുതലായ വസ്തുക്കൾ പ്രദർശിപ്പിക്കപ്പെട്ടു. ഏറ്റവും മികച്ച സീറ്റിന് അന്ന് ഒരു രൂപയായിരുന്നു വില. അത്തരം ഒരു സീറ്റിൽ ഞാൻ ജ്യേഷ്ഠനും അമ്മയ്ക്കും നടുവിൽ മിടിക്കുന്ന ഹൃദയത്തോടെ ഇരുന്നു. കർട്ടൻ ഉയരുവാൻ കാത്തുകൊണ്ട്.

ആദ്യമായി, ഒരു ഗാനം. 'ഓം പരബ്രഹ്മോദയ നാടകസമിതി.' ഹാ എത്ര മനോഹരമായ പേര്. ആ പേരുതന്നെ ഒരു ഗാനമായിരുന്നു. ഈശ്വരവന്ദനയ്ക്കുശേഷം കർട്ടൻ ഉയർന്നു.

മുഖത്താകെ വെളുത്ത ചായം തേച്ച് കവിളുകൾ ചുവപ്പിച്ച്,അരയിൽ പഴന്തുണികൾ ചുറ്റിക്കൊണ്ട് താടിക്കാരനായ ഒരു യാചകൻ പ്രത്യക്ഷപ്പെട്ടു. കൂടെ ഒരു പെൺകുട്ടിയും. അയാൾ ഞങ്ങളെ നോക്കി ദയനീയസ്വരത്തിൽ പാടി:

'യാചകരിൽ യാചകരാം യാചകർ ഞങ്ങൾ'

'ഓ,യാചകരിൽ യാചകരാം യാചകർ ഞങ്ങൾ.'

ഞാൻ തേങ്ങിക്കരഞ്ഞുതുടങ്ങി.

നാടകമല്ലേ? ഇപ്പോൾത്തന്നെ കരഞ്ഞുതുടങ്ങിയാലോ!

'എന്താ കമലേ, ഇത് 'അമ്മമ്മ പിറുപിറുത്തു.

'ഈ ആമിയെ നാടകത്തിന് കൊണ്ടുവരേണ്ടിയിരുന്നില്ല.' ജ്യോഷ്ഠൻ പറഞ്ഞു. ഞാൻ ഫ്രോക്കിന്റെ അറ്റംകൊണ്ടു കണ്ണുനീർ തുടച്ചു. പ്രോത്സാഹനം ലഭിച്ചെന്ന മട്ടിൽ യാചകൻ തന്റെ ജീവിതകഥ വിവരിച്ചുതുടങ്ങി. തന്റെ മകൾക്ക് താനല്ലാതെ ഈ ലോകത്തിൽ മറ്റാരും ആശ്രയത്തിനില്ല എന്ന് അയാൾ പറഞ്ഞു. പെൺകുട്ടി

www.xtrapapers.com



ഇമവെട്ടാതെ ഞങ്ങളെ നോക്കി. പെൺകുട്ടിയുടെ പാവാടയുടെ വക്ക് കീറിപ്പൊളിഞ്ഞുകാണപ്പെട്ടു. പക്ഷേ,അവളുടെ ചുണ്ടിൽ ചുവന്ന ലിപ്സ്റ്റിക്ക് ഉണ്ടായിരുന്നു; മുഖത്ത് പൗഡറും.

ഒരു പയ്യൻ എള്ളുണ്ട വിൽക്കുവാൻ ഞങ്ങളുടെ അടുത്തു വന്നെത്തി. എനിക്ക് അതു തിന്നുവാൻ ആഗ്രഹം തോന്നി.

'ഛേയ്, ഇതൊക്കെ വാങ്ങിത്തിന്നാൻ കമലയ്ക്ക് തോന്ന്ണൂലോ! അത്ഭുതം തന്നെ.' അമ്മമ്മ നീരസത്തോടെ പറഞ്ഞു: 'നാളെ നമ്ക്ക് എള്ളുണ്ട ഉണ്ടാക്കാം,പോരെ?'

ഞാൻ തലകുലുക്കി, അമ്മമ്മയ്ക്ക് നാടകം കാണുന്നതിലും താല്പര്യം തന്റെ ചുറ്റും നോക്കി കാണികളിൽ പരിചയമുള്ളവരോട് ചിരിക്കാനായിരുന്നു.എലിയങ്ങാട്ടിൽ തമ്പുരാട്ടിമാരോടും പാലിശ്ശേരിഅമ്മുവമ്മയോടും കോലിയത്ത് ലക്ഷ്മിക്കുട്ടിയമ്മയോടും അമ്മമ്മ അവരെ കണ്ടതിലുള്ള തന്റെ സന്തോഷം ഒരു പുഞ്ചിരിയാൽ അറിയിച്ചു.

ബാല്യകാലസ്മരണകൾ(1987)മാധവിക്കുട്ടി

– ഒരു കുട്ടിയുടെ കണ്ണിൽക്കൂടി തന്റെ ബാല്യകാലാനുഭവങ്ങൾ വിവരിക്കുന്നതിൽ കഥാകാരി എത്രത്തോളം വിജയിച്ചിട്ടുണ്ട്? വിശദീകരിക്കുക.

– അപകർഷതാബോധവും ഭയവുമാണ് കൽക്കത്തയിലെ ബാല്യകാലാനുഭവങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. സമർത്ഥിക്കുക.

– പുന്നയൂർക്കുളം ഒരു സുഖകരമായ ഓർമ്മയായാണ് കഥാകാരി ചിത്രീകരിച്ചിരിക്കുന്നത് സമർത്ഥിക്കുക.

– ആത്മകഥാ രചനയിൽ എഴുത്തുകാരിയുടെ ഭാഷാശൈലി പ്രാധാന്യമർഹിക്കുന്നത് എങ്ങനെയെന്ന് വിവരിക്കുക.

www.xtrapapers.com



**2.**

## രാജാവിന്റെ ദു:ഖം

പണ്ടു ഞാനൊരു രാജാ-
　　വായിരുന്നപ്പോൾ,ലോക-
മെന്നെയോർക്കുവാനെന്നും
　　രാജവീഥിതൻ വക്കിൽ,

കൂറ്റനാം ശിലകളിൽ
　　കൊത്തിവയ്പിച്ചേനെന്റെ
നേട്ടങ്ങൾ, ബിരുദങ്ങൾ,
　　ധർമോപദേശങ്ങളും!

ഭയഭക്തികളോലും
　　നേട്ടങ്ങളതിന്മേൽ പൂ-
മഴപെയ്തുപോലാദ്യ-
　　വത്സരങ്ങളിൽ; പിന്നെ,

ഒരു കൗതുകമായി
　　കാണികൾക്കത്---പിന്നെ
വെറുതെ കടന്നുപോ-
　　യാളുകളതുവഴി!

ലിപികളിടയ്ക്കിടെ
　　മാഞ്ഞുപോ,യല്പാല്പമായ്
പൊരുളുമതിലൂടെ
　　ചോർന്നുപോയ്; മനുഷ്യരെൻ

മൊഴികൾ മറന്നുപോയ്!
　　ഏറെ നൂറ്റാണ്ടിൻ പിൻപീ-
വഴിയേ വീണ്ടും വന്നു
　　ഞാനെന്നെത്തിരയുമ്പോൾ,

പണ്ടു ഞാനുയർത്തിയ
　　പാറകൾ മീതേ,യാരു
കണ്ടാലുമറിയാത്ത
　　ജീർണമാം ലിപികളായ്

എന്റെ പേ,രെൻ സൂക്തങ്ങൾ,
　　മരിച്ചുകിടക്കുന്നു!
എങ്കിലുമെൻ സങ്കട-
　　മിന്നു മറ്റൊന്നാണല്ലോ:

www.xtrapapers.com



തിരുവായ്ക്കെതിർവായി-
ല്ലാത്തൊരാക്കാലത്തെന്നെ
ഒരു നാരായത്തുമ്പാൽ
ധിക്കരിച്ചൊരു കവി.

അവനെയന്നേ നാടു
കടത്തിവിട്ടു ഞാൻ! ഇ-
ന്നവനല്ലല്ലീ നിൽപ്പു
വെണ്ണക്കൽ പ്രതിമയായ്?

രാജാവിന്റെ ദു:ഖം,(1981)ഒ.എൻ.വി.കുറുപ്പ്

– കാലത്തിന്റെ മാറ്റങ്ങൾ കവി നോക്കിക്കാണുന്നതെങ്ങനെ?

– കവിയുടെ ഭാഷയും രചനാവൈഭവത്തെയും കുറിച്ച് നിങ്ങളുടെ അഭിപ്രായം എഴുതുക.

– 'രാജാവിന്റെ ദു:ഖം' എന്ന ശീർഷകം കവിതയ്ക്കു എത്രമാത്രം യോജിക്കുന്നുവെന്ന് പരിശോധിക്കുക?

– അവസാനവിജയം സത്യത്തിന്റേതാണെന്ന് കവി സമർത്ഥിക്കുന്നതെങ്ങനെ?